## പതിമൂന്നാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4589 26.06.2014 - ൽ മറുപടിക്ക്**

# അരൂർ മണ്ഡലത്തിലെ പാലം നിർമ്മാണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എ. എം. ആരിഫ് : | | ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) | |
| (എ) | അരൂർ മണ്ഡലത്തിലെ അഞ്ചുതുരുത്ത് കടപ്പുറം, പി. എസ്. ഫെറി, കെൽട്രോൺ ഫെറി - കുമ്പളങ്ങി എന്നീ പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ, സോയിൽ ടെസ്റ്റ് എന്നിവ പൂർത്തിയാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ എന്നു പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ ; | (എ) | അരൂർ മണ്ഡലത്തിലെ അഞ്ചുതുരുത്ത്, കുടപ്പുറം, പി. എസ്. ഫെറി, കെൽട്രോൺ ഫെറി - കുമ്പളങ്ങി എന്നീ പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയാക്കി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) | ഈ പാലങ്ങളുടെ ഡിസൈനും എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ടോയെന്നും എങ്കിൽ ആരാണ് ഡിസൈൻ തയ്യാറാക്കിയതെന്നും വ്യക്തമാക്കുമോ ; | (ബി) & (സി) | അഞ്ചുതുരുത്ത് കുടപ്പുറം, പി. എസ്. ഫെറി എന്നീ പാലങ്ങളുടെ ഡിസൈനും എസ്റ്റിമേറ്റും പൂർത്തിയായിട്ടില്ല. കെൽട്രോൺ ഫെറി - കുമ്പളങ്ങി പാലത്തിന്റെ ഡിസൈൻ പൊതുമരാമത്ത് വകുപ്പ് (ഡിസൈൻ വിഭാഗം) ആണ് തയ്യാറാക്കിയത്. ഈ പാലത്തിന്റെ എസ്റ്റിമേറ്റ് തുക 42.5 കോടി രൂപയാണ്. |
| (സി) | എത്ര രൂപയാണ് ഓരോ പാലങ്ങളുടെയും എസ്റ്റിമേറ്റ് തുകയെന്ന് വ്യക്തമാക്കുമോ ; | | |

| | | | |
|---|---|---|---|
| (ഡി) | ഈ പാലങ്ങളുടെ അപ്രോച്ച് റോഡിന്റെ ലാന്റ് അക്വിസിഷൻ നടപടികൾ ഏതു ഘട്ടത്തിലാണ് എന്ന് വിശദമാക്കാമോ ? | (ഡി) | അഞ്ചുതുരുത്ത്, കുടപ്പുറം, പി. എസ്. ഫെറി, എന്നീ പാലങ്ങളുടെ ഡിസൈൻ പൂർത്തിയാക്കിയതിനുശേഷമേ ലാന്റ് അക്വിസിഷനായുള്ള നടപടി ആരംഭിക്കുവാൻ കഴിയുകയുള്ളൂ. കെൽട്രോൺ ഫെറി - കുമ്പളങ്ങി പാലത്തിന്റെ ലാന്റ് അക്വിസിഷനായിട്ടുള്ള അപേക്ഷ എറണാകുളം ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**